പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2928 — 11/12/2014 ൽ മറുപടിയ്ക്ക്

## ടെക്സ്റ്റ് ബുക്ക് അച്ചടിയിൽ നിന്നും കെ.ബി.പി.എസ് നെ ഒഴിവാക്കാനുള്ള തീരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ്: | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | ടെക്സ്റ്റ് ബുക്ക് അച്ചടി കെ.ബി.പി.എസ് നെ ഒഴിവാക്കി സ്വകാര്യ മേഖലയ്ക്ക് നൽകുന്നതിന് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ; | (എ) | ഇല്ല. |
| ബി) | എറണാകുളത്ത് കാക്കനാടുള്ള കെ.ബി.പി.എസ് അടച്ചുപൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; അക്കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഇതിനു മുന്നോടിയായി ഇവിടെ ജീവനക്കാരെ നിയമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകുമോ ; | (ബി) | കെ.ബി.പി.എസ് അടച്ചുപൂട്ടുന്നതിന് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. കെ.ബി.പി.എസ്സിൽ ജീവനക്കാരെ നിയമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.ബി.പി.എസ്സിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട തസ്തികകളിലേക്കുള്ള നിയമനനടപടികൾ നടന്നുവരികയാണ്. |
| സി) | നിലവിലുള്ള മാൻ പവർ ഉപയോഗിക്കുമ്പോൾ കെ.ബി.പി.എസ് ന് വർക്ക് ലോഡ് കൂടുന്ന സാഹചര്യത്തിൽ സർക്കാർ പ്രസ്സുകളെ കൂടി ചുമതല ഏല്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളുമോ ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ ? | (സി) | പാഠപുസ്തകങ്ങൾ പൂർണ്ണമായി കെ.ബി.പി.എസിൽ തന്നെ അച്ചടിച്ച് വിതരണം ചെയ്യാൻ കഴിയും. |

Padmakumari
സെക്ഷൻ ഓഫീസർ